**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - RTI Portal നടപ്പിലാക്കുന്നതിനായി നിലവിൽ ട്രഷറിയിൽ അക്കൗണ്ട് ഇല്ലാത്ത പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള പൊതു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 45/2025/ധന** **തീയതി, തിരുവനന്തപുരം, 09.04.2025**

---

പരാമർശം :- 1. RTI Portal നടപ്പിലാക്കുന്നത് സംബന്ധിച്ച് 15.02.2025 ൽ പൊതു ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ്.
2. പൊതുഭരണ ഏകോപന വകുപ്പിലെ 05.03 2025 തീയതിയിലെ സിഡിഎൻ 5/44/2025 - പൊ.ഭ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

ഇ- ഓഫീസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും RTI Portal - മുഖാന്തരം വിവരാവകാശ അപേക്ഷകൾക്ക് ഫീസ് സ്വീകരിക്കുന്നതിനായി ട്രഷറിയിൽ ഒരു അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും RTI Portal - മുഖാന്തരം വിവരാവകാശ അപേക്ഷകൾക്ക് ഫീസ് സ്വീകരിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ട്രഷറി വകുപ്പ് അതിവേഗം നടപടി സ്വീകരിക്കേണ്ടതാണ് എന്നും പരാമർശം 1 പ്രകാരം തീരുമാനമായിട്ടുണ്ട് എന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ/പൊതുമേഖല സ്ഥാപനങ്ങളിൽ RTI Portal നടപ്പിലാക്കുന്നതിനായി നിലവിൽ ട്രഷറിയിൽ അക്കൗണ്ട് ഇല്ലാത്ത പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം പൊതുഭരണ (ഏകോപന ) വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, RTI Portal നടപ്പിലാക്കുന്നതിനായി നിലവിൽ ട്രഷറിയിൽ അക്കൗണ്ട് ഇല്ലാത്ത പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള പൊതു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഭരണ വകുപ്പുകൾക്കും (ഇ ഓഫീസ് മുഖേന )

എല്ലാ വകുപ്പ് തലവന്മാർക്കും (ഇ ഓഫീസ് മുഖേന )

പൊതുഭരണ (ഏകോപനം) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 3107430)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ